## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6714** **11-07-2024 - ൽ മറുപടിയ്ക്ക്**

## സ്കൂളുകളിലെ ലൈബ്രറി വിപുലീകരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. സി. മൊയ്തീൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സ്കൂൾ വിദ്യാർത്ഥികൾക്ക് പഠനത്തിന് പുറമേ വായനശീലം വർദ്ധിപ്പിക്കുന്നതിനായി സർക്കാർ എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; | (എ) | പൊതുവിദ്യാഭ്യാസ സമ്പ്രദായം ശക്തിപ്പെടുത്തുന്നതിനുള്ള സംരംഭങ്ങളുടെ ഭാഗമായി, വിദ്യാർത്ഥികളിൽ വായനാശീലം പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാനത്തെ സ്കൂൾ ലൈബ്രറികളിൽ പുസ്തകങ്ങൾ നൽകുന്നതിന് 2018-19 അധ്യയന വർഷത്തിൽ "ലൈബ്രറികളും ക്ലാസ് റൂം ലൈബ്രറികളും" എന്ന പേരിൽ ഒരു പദ്ധതിയും, 2021-2022 അധ്യയന വർഷത്തിൽ "വായനയുടെ വസന്തം" എന്ന പേരിൽ ഒരു പദ്ധതിയും ആരംഭിച്ചിട്ടുള്ളതും പുസ്തകങ്ങൾ വിതരണം ചെയ്തിട്ടുള്ളതുമാണ്. ഈ പദ്ധതി സംസ്ഥാന സർക്കാരിന്റെ 100 ദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തുകയും 2018-19 മുതൽ 2021-22 വരെ ഗവ/എയ്ഡഡ് എച്ച്.എസ്, യു.പി സ്കൂളുകൾക്ക് ഈ പദ്ധതി പ്രകാരം വിവിധ ലൈബ്രറി പുസ്തകങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. ടി പദ്ധതിക്കായി ഈ സാമ്പത്തിക വർഷം ബജറ്റിൽ തുക വകയിരുത്തിയിട്ടുള്ളതും പ്രസ്തുത തുക ഉപയോഗിച്ച്, കേരളത്തിലെ തെരഞ്ഞെടുത്ത 10 സ്കൂളുകളുടെ ലൈബ്രറികൾ ആധുനിക രീതിയിൽ നവീകരിക്കുന്നതിന് ഭരണാനുമതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. ആയതിന്മേലുള്ള തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | നിലവിൽ ലൈബ്രറിയുള്ള സ്കൂളുകളിൽ ആയത് കൂടുതൽ വിപുലീകരിക്കുവാനും ലൈബ്രറിയില്ലാത്ത സ്കൂളുകളിൽ പുതിയവ ആരംഭിക്കുവാനും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ? | (ബി) | പൊതുവിദ്യാഭ്യാസ സമ്പ്രദായം ശക്തിപ്പെടുത്തുന്നതിനുള്ള സംരംഭങ്ങളുടെ ഭാഗമായി, വിദ്യാർത്ഥികളിൽ വായനാശീലം പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാനത്തെ സ്കൂൾ ലൈബ്രറികളിൽ പുസ്തകങ്ങൾ നൽകുന്നതിന് 2018-19 അധ്യയന വർഷത്തിൽ "ലൈബ്രറികളും ക്ലാസ് റൂം ലൈബ്രറികളും" എന്ന പേരിൽ ഒരു പദ്ധതിയും, 2021-2022 അധ്യയന വർഷത്തിൽ "വായനയുടെ വസന്തം" എന്ന പേരിൽ ഒരു പദ്ധതിയും ആരംഭിച്ചിട്ടുള്ളതും പുസ്തകങ്ങൾ വിതരണം |

| | | | |
|---|---|---|---|
| | | | ചെയ്തിട്ടുള്ളതുമാണ്. ഈ പദ്ധതി സംസ്ഥാന സർക്കാരിന്റെ 100 ദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തുകയും 2018-19 മുതൽ 2021-22 വരെ ഗവ/എയ്ഡഡ് എച്ച്.എസ്, യു.പി സ്കൂളുകൾക്ക് ഈ പദ്ധതി പ്രകാരം വിവിധ ലൈബ്രറി പുസ്തകങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. ടി പദ്ധതിക്കായി ഈ സാമ്പത്തിക വർഷം ബജറ്റിൽ തുക വകയിരുത്തിയിട്ടുള്ളതും പ്രസ്തുത തുക ഉപയോഗിച്ച്, കേരളത്തിലെ തെരഞ്ഞെടുത്ത 10 സ്കൂളുകളുടെ ലൈബ്രറികൾ ആധുനിക രീതിയിൽ നവീകരിക്കുന്നതിന് ഭരണാനുമതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. ആയതിന്മേലുള്ള തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ